**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1679** — **08-10-2021 - ൽ മറുപടിയ്ക്ക്**

**സി-ആപ്റ്റിലെ ജീവനക്കാരുടെ പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | **Dr. R. Bindu**<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയം, കടുത്തുരുത്തി, കൊല്ലം എന്നീ സി-ആപ്റ്റ് സെന്ററുകളിലെ ജീവനക്കാരുടെ സ്ഥലംമാറ്റം എന്തു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് നടപ്പിലാക്കിയത്; നിലവിൽ റൊട്ടേഷൻ ലിസ്റ്റിൽ ഉൾപ്പെട്ടവരിൽ ഡ്യൂട്ടി പൂർത്തിയാക്കാത്ത എത്ര ജീവനക്കാർ ഉണ്ട്; റൊട്ടേഷൻ വ്യവസ്ഥ ഇപ്പോഴും നിലവിലുണ്ടോ; | (എ) | സി-ആപ്റ്റിന്റെ വിവിധ ഉപകേന്ദ്ര ങ്ങളിൽ അധിക ജീവനക്കാർ ഉള്ളതിനാലും ടി ഉപകേന്ദ്രങ്ങൾ പ്രവർത്തി ക്കുന്നതിന് ആവശ്യമായ വരുമാനം അതാത് ഉപകേന്ദ്രങ്ങളിൽ നിന്ന് ലഭിക്കാത്തതിനാലും കോട്ടയം, കടുത്തുരുത്തി, കൊല്ലം ഉപകേന്ദ്ര ങ്ങൾ ഉൾപ്പെടെയുള്ള മിക്ക ഉപകേന്ദ്രങ്ങളും വർഷങ്ങളായി നഷ്ടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. തിരുവനന്തപുരം ഹെഡ് ഓഫീസ് കോംപ്ലക്സിൽ അധിക ജീവനക്കാർ ആവശ്യമുള്ളപക്ഷം, തിരുവനന്തപുരം ജില്ലയ്ക്ക് പുറത്തു നിന്നുള്ള ഉപകേന്ദ്രങ്ങളിൽ നിന്നു കൂടെ ജീവനക്കാരെ ആവശ്യാനുസരണം പുനർവിന്യസിച്ച് സ്ഥാപനത്തിന്റെ പ്രവർത്തനം സുഗമമാക്കുവാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ 28-01-2021-ാം തീയതി കൂടിയ സി-ആപ്റ്റിന്റെ 40-ാ മത് ഗവേണിംഗ് ബോഡിയുടെ തീരുമാന പ്രകാരം നഷ്ടത്തിൽ പ്രവർത്തിച്ചു വരുന്ന ഉപകേന്ദ്രങ്ങളിലെ ജീവനക്കാരെ ലോട്ടറി പ്രിന്റിംഗ് ഉൾപ്പെടെ യുള്ള വിവിധ അച്ചടി ജോലികൾ നിർവ്വഹിക്കുന്നതിന് സി-ആപ്റ്റിന്റെ ഹെഡ് ഓഫീസ് കോംപ്ലക്സിലേയ്ക്ക് സ്ഥിരമായി നിയമിക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ ലോട്ടറി പ്രിന്റിംഗ് ഉൾപ്പെടെയുള്ള അച്ചടി ജോലികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കൂടുതൽ ജീവനക്കാരുടെ സേവനം ആവശ്യമുള്ളതിനാലാണ് കോട്ടയം, കടുത്തുരുത്തി, കൊല്ലം ഉപകേന്ദ്രങ്ങളിൽ നിന്ന് ജീവനക്കാരെ ഹെഡ് ഓഫീസ് കോംപ്ലക്സിലേയ്ക്ക് പുനർ വിന്യസിച്ചിട്ടുള്ളത്. കോട്ടയം, കടുത്തുരുത്തി, കൊല്ലം ഉപകേന്ദ്ര ങ്ങളിൽ നിലവിൽ പരിശീലന കോഴ്സുകൾ ഇല്ലാത്തതിനാൽ ടി ഉപകേന്ദ്രങ്ങളിൽ സേവനം ആവശ്യമില്ലാത്ത ജീവനക്കാരെ ഉൾപ്പെടുത്തിയാണ് നിലവിൽ സ്ഥലം മാറ്റം നൽകിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| | | | ജീവനക്കാർക്ക് സ്ഥിരമായി സ്ഥലംമാറ്റ ഉത്തരവ് നൽകിയതിന് ശേഷം പുതിയ റൊട്ടേഷൻ ഡ്യൂട്ടി ക്രമീകരിച്ചു കൊണ്ടുള്ള ഉത്തരവ് നൽകിയിട്ടില്ല. നേരത്തേ പ്രാബല്യത്തിൽ വന്നിട്ടു ള്ളതും റൊട്ടേഷൻ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും ഹെഡ് ഓഫീസ് കോംപ്ലക്സിൽ ഡ്യൂട്ടി ക്രമീകരിച്ചിട്ടുള്ളതു മായ 5 ജീവനക്കാർ റൊട്ടേഷൻ ഡ്യൂട്ടി ഇനിയും പൂർത്തിയാക്കാനുണ്ട്. ടി ജീവനക്കാരുടെ റൊട്ടേഷൻ ഡ്യൂട്ടി പൂർത്തിയാകുന്ന മുറയ്ക്ക് നിലവിലെ സാഹചര്യത്തിൽ റൊട്ടേഷൻ വ്യവസ്ഥ അവസാനിക്കുന്നതാണ്. |
| (ബി) | സി-ആപ്റ്റിൽ ജില്ലാതല സെന്ററുകളുടെ വികസനത്തിനുവേണ്ടി ഏതൊക്കെ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്; അവയുടെ വിശദാംശങ്ങൾ നൽകാമോ; | (ബി) | 2022-23 സാമ്പത്തിക വർഷത്തിൽ സി-ആപ്റ്റിന്റെ തിരുവനന്തപുരം ജില്ലയിലെ വട്ടിയൂർക്കാവിലുള്ള ഹെഡ് ഓഫീസ് കോംപ്ലക്സിനു വേണ്ടി 800 ലക്ഷം രൂപയുടെയും കോഴിക്കോട് ഉപകേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണ ത്തിനായി 100 ലക്ഷം രൂപയുടെയും എറണാകുളം ഉപകേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണത്തിനായി 200 ലക്ഷം രൂപയുടെയും പദ്ധതി തയ്യാറാക്കി സംസ്ഥാന പ്ലാനിംഗ് ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. |
| (സി) | ലോട്ടറി, ഹയർ സെക്കണ്ടറി, പാഠപുസ്തക അച്ചടി ഒഴികെ 2019-20, 2020-21 എന്നീ കാലഘട്ടങ്ങളിൽ സ്ഥാപനത്തിൽ ജോലികളുടെ ഇൻവോയ്സും, പുറംകരാർ അടിസ്ഥാനത്തിൽ നടന്ന ഇൻവോയ്സും സബ് സെന്ററുകളിൽ ഉൾപ്പെടെയുള്ള തുക എത്രയാണെന്ന് വിശദമാക്കാമോ; ശമ്പളത്തിനും മറ്റു ആനുകൂല്യങ്ങൾക്കുമായി എത്ര രൂപ ചെലവായിട്ടുണ്ടെന്ന് വിശദമാക്കാമോ; | (സി) | ലോട്ടറി, ഹയർസെക്കന്ററി, പാഠപുസ്തക അച്ചടി ഒഴികെ 2019-20-ൽ ഹെഡ് ഓഫീസിൽ നിന്ന് 8,42,53,902/- രൂപയുടെ ഇൻവോയിസും 2020-21-ൽ 39,63,36,722/- രൂപയുടെ ഇൻവോയി സും 2019-20 കാലഘട്ടത്തിലെ പുറം കരാർ ഇൻവോയിസുകളുടെ തുക 2,25,49,832/- രൂപയും 2020-21-ൽ പുറംകരാർ ഇൻവോയിസുകളുടെ തുക 22,44,69,635/- രൂപയുമാണ്. 2019-20-ൽ സി-ആപ്റ്റിന്റെ ഹെഡ് ഓഫീസി ന്റെയും ഉപകേന്ദ്രങ്ങളുടെയും ജീവന ക്കാരുടെ ശമ്പളത്തിനും മറ്റ് ആനുകൂല്യ ങ്ങൾക്കുമായി 2628 ലക്ഷം രൂപയും 2020-21-ൽ 2662 ലക്ഷം രൂപയും ചെലവായിട്ടുണ്ട് ടി കണക്കുകൾ ആഡിറ്റിന് വിധേയമാണ്. |
| (ഡി) | സി-ആപ്റ്റിൽ മാർക്കറ്റിംഗ് സെക്ഷനിൽ എത്ര ജീവനക്കാർ ജോലി നോക്കുന്നു; കഴിഞ്ഞ രണ്ടുവർഷമായി പ്രിന്റ് ചെയ്തുനൽകിയ ഇനത്തിൽ എത്ര രൂപ മറ്റു വകുപ്പുകളിൽ നിന്നും കിട്ടാനുണ്ട്; വിശദമാക്കാമോ; | (ഡി) | സി-ആപ്റ്റിൽ മാർക്കറ്റിംഗ് സെക്ഷനിൽ 5 ഫീൽഡ് സ്റ്റാഫ് ഉൾപ്പെടെ 13 ജീവനക്കാർ ജോലി ചെയ്യുന്നു. കഴിഞ്ഞ രണ്ട് വർഷമായി സെന്ററിൽ നിന്നും അച്ചടിച്ച് നൽകിയ ഇനത്തിൽ 2019-20 സാമ്പത്തിക വർഷം 23,15,236/- രൂപയും 2020-21 സാമ്പത്തിക വർഷ ത്തിൽ 5,87,82,551 രൂപയും വിവിധ ഓഫീസുകളിൽ നിന്ന് കുടിശ്ശിക ഇനത്തിൽ സി-ആപ്റ്റിന് ലഭിക്കുവാനുണ്ട്. |
| (ഇ) | സി-ആപ്റ്റിൽ ഫുൾടൈം മാനേജിംഗ് ഡയറക്ടറെ നിയമിക്കുവാൻ സർക്കാർ തലത്തിൽ തീരുമാനമായിട്ടുണ്ടോ; സി-ആപ്റ്റ് ഉപകേന്ദ്രമായ | (ഇ) | സി-ആപ്റ്റിൽ ഫുൾടൈം മാനേജിംഗ് ഡയറക്ടറെ നിയമിക്കുന്ന കാര്യത്തിൽ നിലവിൽ തീരുമാനമൊന്നും എടുത്തിട്ടില്ല. പാല |

| | | | |
|---|---|---|---|
| | പാലാ സെന്ററിൽ യൂണിഫോം ധരിച്ച് സെക്യൂരിറ്റി ജീവനക്കാർ ഉണ്ടോ എന്ന് വിശദമാക്കാമോ? | | ഉപകേന്ദ്രത്തിലെ സെക്യൂരിറ്റി ജീവനക്കാരൻ സെക്യൂരിറ്റി ജോലിയ്ക്ക് പുറമേ പ്രിൻറിംഗ്, ബയിന്റിംഗ് വിഭാഗത്തിലും ഫീൽഡ് വർക്കുകളിലും സഹായിയായി പ്രവർത്തിക്കുന്നതിനാൽ ടിയാൾ സെക്യൂരിറ്റിയുടെ യൂണിഫോം ധരിക്കുന്നില്ല. കൂടാതെ ടിയാൾക്ക് സെക്യൂരിറ്റി യൂണിഫോം ബത്തയും സ്ഥാപനത്തിൽ നിന്നും നൽകുന്നില്ല. |

സെക്ഷൻ ഓഫീസർ